**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1185** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി രമ്യ ഹരിദാസ് ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കുന്നതും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതികളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതും നാളിതുവരെ ആരംഭിക്കാത്തവയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കുന്നതും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതികളിൽ പ്രേം നസീർ സ്മാരക സാംസ്കാരിക നിലയനിർമ്മാണം നടന്നുവരുന്നു. ടി പദ്ധതിക്കായി തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ശാർക്കര വില്ലേജിൽ സർക്കാരിന്റെ റീസർവ്വേ നമ്പർ 442/7 ൽ ഉൾപ്പെട്ട 26.80 ആർ ഭൂമി പ്രേം നസീർ സ്മാരകം നിർമ്മിക്കുന്നതിനായി ഉടമസ്ഥവകാശം റവന്യൂവകുപ്പിൽ നിലനിർത്തിയും സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകികൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽപ്പറഞ്ഞ ഭൂമിയിൽ സ്മാരകത്തിന്റെ ഒന്നാം ഘട്ടം പൂർത്തീകരിക്കുകയും ആയത് ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തിരുന്നു.

**(ബി)** സാങ്കേതിക അനുമതി ലഭിക്കാത്തതിനാൽ മുടങ്ങി കിടക്കുന്ന പദ്ധതികൾ ഉണ്ടെങ്കിൽ ആയവ വിശദമാക്കാമോ?

**<u>മറുപടി:</u>** ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ സാങ്കേതികാനുമതി ലഭിക്കാതെ മുടങ്ങി കിടക്കുന്ന പദ്ധതികൾ ഒന്നും തന്നെ ഇല്ല.

**സെക്ഷൻ ഓഫീസർ**